(ബി) അവക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടോ?

പൊതുമരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജാൺ ഫിലിപ്പോസ്):

(എ) ഉണ്ട്.

(ബി) ഉണ്ട്.

നെല്ലിന്റെ വില

*൧൭൩൫. (൧൦൩) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെല്ലിന്റെ നിലവിലുള്ള വില വർദ്ധിപ്പിക്കുവാൻ കുട്ടനാട്ടിലെ കർഷകരുടെ പ്രതിനിധികൾ ഗവണ്മെണ്ടിനെ സമീപിച്ചു നിവേദനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനങ്ങളിൽ എന്തു നടപടികൾ നടത്തി;

(സി) എന്തു മറുപടി നൽകി?

പൊതുമരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജാൺ ഫിലിപ്പോസ്):

(എ) ഉണ്ട്.

(ബി) പരിഗണനയിൽ ഇരിക്കുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

Questions posted for answer on 30th October 1950

വേമ്പനാട്ട് കായൽപദ്ധതി

*൧൭൩൬ (൧൧൭) ശ്രീ. ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയാമോ.—

(എ) വേമ്പനാട്ടുകായൽ പദ്ധതിക്ക് വിദഗ്ദ്ധോപദേശം വാങ്ങിയിട്ടുണ്ടോ;

(ബി) ആരിൽനിന്നാണെന്നു പറയാമോ;

(സി) ആ പദ്ധതിക്ക് കേന്ദ്ര ഗവണ്മെൻറിന്റെ അനുവാദം വാങ്ങിയിട്ടുണ്ടോ?

പൊതുമരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജാൺഫിലിപ്പോസ്):

(എ) ഈ പദ്ധതി ഇൻവെസ്റ്റിഗേഷനിൽ ഇരിക്കുകയാണ്. ഇവിടത്തെ ഡിപ്പാർട്ട്മെൻറിന്റെ വിദഗ്ദ്ധോപദേശം കൂടാതെ ഈ രീതിയിലുള്ള പദ്ധതികൾ ആരംഭിയ്ക്കുകയില്ല.

(ബി) എയുടെ ഉത്തരത്തിൽനിന്ന് വ്യക്തമാണ്.

(സി) പ്രസ്തുതസംഗതി ഇൻഡ്യാഗവണ്മെൻറുമായി എഴുത്തുകുത്തിലാണ്. താമസംവിനാ അനുവാദം കിട്ടുമെന്നു പ്രതീക്ഷിയ്ക്കുന്നു.

EDUCATIONAL INSTITUTIONS

*1163. [40] Sri. A. K. George: Will the Hon'ble Minister for Local Self Government be pleased to state,—

LIBRARY ARCHIVES Kerala Legislative Assembly